# പ്രാചീനതമിഴകം

**Que.1. പഴന്തമിഴ് പാട്ടിന്റെ രണ്ടു വിഭാഗങ്ങളാണ് ചുവടെ നൽകിയിരിക്കുന്നത് അവ ഓരോന്നിന്റെയും പേരെഴുതുക. [Marks :(2)]**

**1. വ്യക്തിപരവും കുടുംബപരവുമായ കാര്യങ്ങൾ പ്രതിപാദിക്കുന്ന പഴന്തമിഴ് പാട്ട്**

**2. യുദ്ധം, കച്ചവടം തുടങ്ങിയ കാര്യങ്ങൾ പ്രതിപാദിക്കുന്ന പഴന്തമിഴ് പാട്ട്**

**Ans.**

- 1. അകം പാട്ടുകൾ
- 2. പുറം പാട്ടുകൾ

**Que.2. മഹാശിലാ കാലഘട്ടത്തിലെ ഏതെങ്കിലും നാലു സ്മാരകങ്ങളുടെ പേരെഴുതുക. [Marks :(4)]**

**Ans**. മുനിയറ, കന്മേശ, കല്ലറകൾ, കൽത്തൊട്ടി, തൊപ്പിക്കല്ല്, കുടക്കല്ല്, നാട്ടുകല്ല്

**Que.3. പ്രാചീന തമിഴകം റോമാക്കാരുമായി വാണിജ്യത്തിൽ ഏർപ്പെട്ടിരുന്നതിന്റെ തെളിവെന്ത്? [Marks :(1)]**

**Ans.** മഹാശിലാസ്മാരകങ്ങളിൽനിന്ന് ലഭിച്ച റോമൻ നാണയങ്ങൾ

**Que.4. പ്രാചീന തമിഴകത്തെ ചില പട്ടണങ്ങളുടെ പേരുകളാണ് ചുവടെ തന്നിട്ടുള്ളത്. അവയുടെ പ്രത്യേകതകൾ എഴുതുക. [Marks :(2)]**

**(മധുരൈ, വാകൈ)**

**Ans.**

- മധുരൈ - പാണ്ഡ്യന്മാരുടെ അധികാരകേന്ദ്രം
- വാകൈ - തുറമുഖ പട്ടണം

**Que.5. പ്രാചീന തമിഴകത്തെ വിനിമവുമായി ബന്ധപ്പെട്ട പദങ്ങളാണ് ചുവടെ കൊടുത്തിത്തിട്ടുള്ളത്. അവ ഓരോന്നും എന്തെന്ന് വ്യക്തമാക്കുക. [Marks :(3)]**

1. **നൊടുത്തൽ 2. അല്ലലാവണം 3. നാളങ്ങാടി**

**Ans.**

1. സാധനങ്ങൾക്കുപകരം സാധനങ്ങൾ കൈമാറ്റം ചെയ്യപ്പെടുന്ന രീതി

2. അന്തിച്ചന്ത

3. രാവിലത്തെ ചന്ത

**Que.6. പ്രാചീന തമിഴകം എന്നു വിളിച്ചിരുന്ന പ്രദേശമേത്? [Marks :(1)]**

**Ans.** ആന്ധ്രപ്രദേശിലെ തിരുപ്പതി മുതൽ കന്യാകുമാരിവരെയുള്ള പ്രദേശം

**Que.7. മഹാശിലാ കാലഘട്ടത്തെ ദക്ഷിണേന്ത്യൻ ചരിത്രത്തിലെ ഇരുമ്പുയുഗമെന്നു വിശേഷിപ്പിക്കുന്നതെന്തു കൊണ്ട്? [Marks :(2)]**

**Ans.** മഹാശിലാസ്മാരകങ്ങളിൽ നിന്നാണ് ആ കാലഘട്ടത്തിലെ വിവിധതരം ഇരുമ്പുപകരണങ്ങളുടെ അവശിഷ്ടങ്ങൾ കണ്ടെത്തിയിട്ടുള്ളത്.

ഉദാ: വാൾ, കുന്തം, കത്തി, ആണികൾ തുടങ്ങിയ ഇരുമ്പുപകരണങ്ങൾ

**Que.8. “ഇരുമ്പുപകരങ്ങളുടെ നിർമാണത്തിൽ മഹാശിലാ കാലഘട്ടം പുരോഗതി നേടിയിരുന്നു.” ഉദാഹരണ സഹിതം സമർഥിക്കുക.**

**[Marks :(2)]**

**Ans.**

- വ്യത്യസ്തതരം ഇരുമ്പുപകരങ്ങൾ മഹാശിലാസ്മാരകങ്ങളിൽനിന്ന് ലഭിച്ചിട്ടുണ്ട്.
- (ചൂണ്ടക്കൊളുത്ത്, വിളക്ക് വാൾ, കുന്തം, കത്തി, ആണികൾ)

  ഏതെങ്കിലും 2 ഇരുമ്പുപകരങ്ങളുടെ പേരെഴുതണം

**Que.9.**

**എ കോളത്തിന് യോജിക്കുന്നവിധം ബി കോളം ക്രമപ്പെടുത്തുക.**

| | എ | ബി |
|---|---|---|
| 1. | പത്തുപ്പാട്ട് | തൊൽക്കാപ്പിയം |
| 2. | മഹാകാവ്യങ്ങൾ | തിരുക്കുറൾ |
| 3. | വ്യാകരണഗ്രന്ഥം | മതുരൈക്കാഞ്ചി |
| 4. | പതിനെൺകീഴ്ക്കണക്ക് | ചിലപ്പതികാരം |

**[Marks :(4)]**

**Ans.**

| | എ | ബി |
|---|---|---|
| 1. | പത്തുപ്പാട്ട് | മധുരൈക്കാഞ്ചി |
| 2. | മഹാകാവ്യങ്ങൾ | ചിലപ്പതികാരം |
| 3. | വ്യാകരണഗ്രന്ഥം | തൊൽക്കാപ്പിയം |
| 4. | പതിനെൺകീഴ്ക്കണക്ക് | തിരുക്കുറൾ |

**Que.10. മഹാശിലസ്മാരകങ്ങളുടെ അവശിഷ്ടങ്ങളിൽനിന്ന് പ്രാചീന തമിഴകത്തെ ഉപകരണങ്ങളെക്കുറിച്ച് എന്തെല്ലാം വിവരങ്ങളാണ് ലഭിക്കുന്നത്?**

**[Marks :(4)]**

**Ans.**

- വ്യത്യാസ്തമായ ഇരുമ്പുപകരണങ്ങൾ ഉപയോഗിച്ചു
- മൺപാത്രങ്ങൾ ഉപയോഗിച്ചു
- ശിലകൾ ഉപയോഗിച്ച് മഹാശിലാസ്മാരകങ്ങൾ ഉണ്ടാക്കി

**Que.11. തെക്കേ ഇന്ത്യയിൽ മഹാശിലാസ്മാരകങ്ങൾ കണ്ടെത്തിയ കേന്ദ്രങ്ങളുടെ പേരെഴുതുക.**

**[Marks :(2)]**

**Ans.** അളഗരൈ, തിരുക്കാമ്പലിയൂർ, പഴനി, ആദിച്ചനെല്ലൂർ, മറയൂർ, ഉമിച്ചിപൊയിൽ, ചെറമനങ്ങാട്

(ഏതെങ്കിലും 2 എണ്ണം)

**Que.12. നന്നങ്ങാടികൾ എന്നാൽ എന്ത്?**

**[Marks :(3)]**

**Ans.** പ്രാചീന തമിഴകത്ത് മരിച്ചയാളുടെ ഭൗതികാവശിഷ്ടങ്ങൾ കലത്തിനകത്താക്കി അടക്കം ചെയ്തിരുന്നു. ഇത്തരം കലങ്ങളെ നന്നങ്ങാടികൾ എന്ന് വിളിക്കുന്നു.

**Que.13. മുചിരി, വാകൈ ഇവ പ്രാചീന തമിഴകത്തെ തുറമുഖപട്ടങ്ങളായിരുന്നു. മറ്റ് രണ്ട് തുറമുഖ പട്ടണങ്ങളുടെ പേരെഴുതുക.**

**[Marks :(2)]**

**Ans.** തൊണ്ടി, മാന്തൈ, കാവേരി പട്ടം (ഏതെങ്കിലും 2 എണ്ണം)

**Que.14. പ്രാചീന തമിഴകത്തെ കച്ചവടത്തിൽ മൂവേന്തന്മാർ വഹിച്ച പങ്കെന്ത്?**

**[Marks :(2)]**

**Ans.**

- വാണിജ്യത്തെ നിയന്ത്രിച്ചു
- വാണിജ്യത്തിനാവശ്യമായ വ്യവസ്ഥകൾ ഉണ്ടാക്കി

**Que.15. പ്രാചീന തമിഴകത്തെ മൂവേന്തർമാർ ആരായിരുന്നു?**

**[Marks :(3)]**

**Ans.** പ്രാചീന തമിഴകത്ത് വാണിജ്യത്തെ നിയന്ത്രിച്ചിരുന്ന അധികാര കേന്ദ്രങ്ങളായ ചേരന്മാർ, ചോളന്മാർ, പാണ്ഡ്യന്മാർ

**Que.16. പ്രാചീന തമീഴകത്ത് വാണിജ്യത്തിൽ ഉമണർ വഹിച്ച പങ്കെന്ത്?**

**[Marks :(2)]**

**Ans.** സുഗന്ധവ്യഞ്ജനങ്ങളുടെ വിനിമയവും കയറ്റുമതിയും ഉമണർ വഴിയാണ് നടന്നിരുന്നത്. ഇവർ നെയ്തൽ പ്രദേശത്തുനിന്നും ഉപ്പും ഉണക്കമീനും ശേഖരിച്ച് മറ്റ് തിണകളിൽ വിതരണം ചെയ്തു.

**Que.17. പ്രാചീന തമിഴകത്ത് നിലനിന്നിരുന്ന സാധനകൈമാറ്റ സമ്പ്രദായം എന്തു പേരിലാണ് അറിയപ്പെടുന്നത്?**

**[Marks :(1)]**

**Ans**. നൊടുത്തൽ

**Que.18. പ്രാചീന തമിഴകത്തിന്റെ ചരിത്രം മനസ്സിലാക്കാനുള്ള പ്രധാന സ്രോതസ്സുകൾ ഏതെല്ലാമാണ്?**

**[Marks :(4)]**

**Ans.**

- സംഘംകൃതികൾ
- മഹാശിലാ സ്മാരകങ്ങൾ
- നാണയങ്ങൾ
- സഞ്ചാരക്കുറിപ്പുകൾ

**Que.19. സംഘം കൃതികളിലെ പ്രതിപാദ്യവിഷയങ്ങൾ ഏതെല്ലാം?**

**[Marks :(4)]**

**Ans.**

- പ്രാചീന തമിഴകത്തിലെ ഭൂപ്രകൃതി
- ആടയാഭരണങ്ങൾ
- വിനോദങ്ങൾ
- ആചാരങ്ങൾ
- പ്രധാന തൊഴിലുകൾ
- വിശ്വാസങ്ങൾ
- ഭൂപ്രകൃതി, വിഭവസമൃദ്ധി, ആഹാരരീതി (ഏതെങ്കിലും 4എണ്ണം)

**Que.20. അകംപാട്ടുകൾ പുറംപാട്ടുകൾ എന്നിവ എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു?**

**[Marks :(2)]**

**Ans.** അകംപാട്ടുകൾ - വ്യക്തിപരവും കുടുംബപരവുമായ കാര്യങ്ങൾ പ്രതിപാദിക്കുന്നു

പുറംപാട്ടുകൾ - യുദ്ധം, കച്ചവടം തുടങ്ങിയ കാര്യങ്ങൾ പ്രതിപാദിക്കുന്നു

**Que.21. അകനാനൂറ്, പുറനാനൂര് എന്നിവ സംഘം കൃതികളുടെ ഏതു വിഭാഗത്തിൽ ഉൾപ്പെടുന്നു?**

**[Marks :(1)]**

**Ans.** എട്ടുത്തൊകൈ

**Que.22. സംഘകാലത്തെ നാല് കവികളുടെ പേരെഴുതുക?**

**[Marks :(2)]**

**Ans.** കപിലർ, പരണർ, മതുരൈ നക്കീരൻ, പാലൈ ഗൗതമനാർ

**Que.23. പഴന്തമിഴ് പാട്ടുകളുടെ സമാഹാരം ഏത് പേരിലാണ് അറിയപ്പെടുന്നത്?**

**[Marks :(1)]**

**Ans**. സംഘസാഹിത്യം (സംഘംകൃതികൾ)

**Que.24. തന്നിരിക്കുന്ന പ്രസ്താവനകളിൽ ശരിയായത് തെരഞ്ഞെടുത്തെഴുതുക. (1)**

**A) തൊൽകാപ്പിയം മഹാകാവ്യമാണ്**

**B) പ്രാചീന തമിഴകത്ത് സുഗന്ധവ്യഞ്ജനങ്ങൾ കയറ്റുമതി ചെയ്തിരുന്നത് ഉമണർ വഴിയാണ്**

**C) സംഘകാലഘട്ടത്തിൽ സാധനംകൈമാറ്റ വ്യവസ്ഥ നിലനിന്നിരുന്നില്ല**

**D) പ്രാചീന തമിഴകത്തെ അന്തിച്ചന്തകളെ നാളങ്ങാടി എന്നറിയപ്പെട്ടു**

**[Marks :(1)]**

**Ans**. B) പ്രാചീന തമിഴകത്ത് സുഗന്ധവ്യഞ്ജനങ്ങൾ കയറ്റുമതി ചെയ്തിരുന്നത് ഉമണർ വഴിയാണ്

**Que.25. ചുവടെ കൊടുത്തിട്ടുള്ളവയിൽ മൂവേന്തന്മാരുടെ അധികാരകേന്ദ്രങ്ങളിൽ ഉൾപ്പെടാത്തത് ഏത്?**

**(മധുരൈ, ഉറൈയൂർ, തൊണ്ടി, മുചിരി)**

**[Marks :(1)]**

**Ans.** തൊണ്ടി

**Que.26.**

- 
- ചുവടെ കൊടുത്തിരിക്കുന്ന സംഘം കൃതികളെ ഉൾപ്പെടുത്തി പട്ടിക പൂർത്തിയാക്കുക.
  (തിരുമുരുകാറ്റുപ്പടൈ, അകനാനൂറ്, മണിമേഖല, മതുരൈക്കാഞ്ചി, ചിലപ്പതികാരം, പുറനാനൂറ്)

| മഹാകാവ്യങ്ങൾ | പത്തുപ്പാട്ട് | എട്ടുത്തൊകൈ |
| --- | --- | --- |
| | | |

**[Marks :(3)]**

**Ans.**

- മഹാകാവ്യങ്ങൾ: ചിലപ്പതികാരം, മണിമേഖല
- പത്തുപ്പാട്ട്: മതുരൈക്കാഞ്ചി,തിരുമുരുകാറ്റുപ്പടൈ
- എട്ടുത്തൊകൈ: അകനാനൂറ്, പുറനാനൂറ്

**Que.27. ചുവടെ തന്നിരിക്കുന്ന സൂചകങ്ങളുടെ അടിസ്ഥാനത്തിൽ പ്രാചീന തമിഴകത്തെ ഏതെങ്കിലും മൂന്ന് തിണകളെക്കുറിച്ച് കുറിപ്പ് തയാറാക്കുക**

**സൂചകങ്ങൾ: 1. തൊഴിൽ,**

2. **ഭൂപ്രകൃതി**

[Marks :(6)]

**Ans.**

| തിണ | ഭൂപ്രകൃതി | തൊഴിൽ |
|---|---|---|
| കുറിഞ്ചി | കാടും മലയും | വനവിഭവശേഖരണം<br>വേട്ടയാടൽ<br>പുനംകൃഷി |
| മുല്ലൈ | പുൽമേടുകൾ | കന്നുകാലി വളർത്തൽ |
| പാലൈ | വരണ്ട പ്രദേശങ്ങൾ | കന്നുകാലി കവർച്ച |
| മരുതം | വയൽ | നെല്ല്, കരിമ്പ് കൃഷി |
| നെയ്തൽ | തീരപ്രദേശം | മീൻപിടിത്തം<br>ഉപ്പുണ്ടാക്കൽ |

**(ഏതെങ്കിലും 3 തിണകളെ സംബന്ധിച്ച കുറിപ്പ് തയ്യാറാക്കുന്നതിന്)**

**Que.28. പഴന്തമിഴ് പാട്ടുകളെ കുറിച്ച് കുറിപ്പ് തയാറാക്കുക.**

[Marks :(6)]

**Ans.**

- പഴന്തമിഴ് പാട്ടുകളുടെ സമാഹാരമാണ് സംഘസാഹിത്യം
- മഹാശില സ്മാരകങ്ങൾ നിർമിക്കപ്പെട്ട കാലം
- വിഷയം, രചനാകാലം എന്നിവയുടെ അടിസ്ഥാനത്തിൽ തരംതിരിച്ചു
- അകംപാട്ട്, പുറംപാട്ട്
- ഔവൈയാർ പ്രധാന കവയിത്രി
- ധാരാളം കവികൾ
- പ്രാചീന തമിഴകത്തെ സംബന്ധിക്കുന്ന വിഷയങ്ങൾ പ്രതിപാദിക്കുന്നു